പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*151 03.05.2017 ൽ മറുപടിക്ക്

# നവകേരള മിഷൻ പദ്ധതിയിലൂടെ ജലാശയശുചീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് മലിനീകരണ പ്രശ്നം ഉളവാക്കുന്ന ജലാശയങ്ങളിലുള്ള പോള നീക്കം ചെയ്ത് ജലാശയം ശുചീകരിക്കുന്ന പ്രൊപ്പോസലിന് നവകേരള മിഷൻ പദ്ധതിയിൽപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) യും ബി) യും സി) യും | ഉണ്ട്. പോള നിർമ്മാർജ്ജനത്തിന് കാലാകാലങ്ങളിൽ പല ഇടപെടലുകളും നടന്നിട്ടുണ്ടെങ്കിലും ശാസ്ത്രീയവും സമഗ്രവുമായി ഇക്കാര്യത്തിൽ വിജയകരമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. Water Hyacinth Harvester എന്ന ജലസേചന വകുപ്പിന്റെ കൈവശമുള്ള യന്ത്രം കൊണ്ട് ഒഴുകുന്ന പോളകൾ ശേഖരിക്കാമെങ്കിലും, വേരുള്ള, അടിത്തട്ടിൽ നിന്ന് വളരുന്ന പോളകൾ നീക്കം ചെയ്യാൻ ഇത് പര്യാപ്തമല്ല. പോള മുറിച്ചുമാറ്റി അത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു പദ്ധതി നിർദ്ദേശം കെ.എസ്.ഇ.ബിയ്ക്ക് ലഭിച്ചിരുന്നെങ്കിലും പോള ശേഖരിച്ച് ഒരു നിശ്ചിത സ്ഥലത്ത് |
| ബി) ഇപ്രകാരം ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും കുടുംബശ്രീയുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| സി) | ജല ദൗർലഭ്യം രൂക്ഷമായി കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഇപ്രകാരം ജലാശയം ശുചീകരിക്കുന്നതുമൂലം കുടിവെള്ളം ഒഴിച്ചുള്ള മറ്റു ദൈനംദിന ആവശ്യങ്ങൾക്ക് പ്രസ്തുത ജലാശയങ്ങളെ ഉപയോഗപ്പെടുത്താമെന്നുള്ളതു കൊണ്ട് ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | | ഒരു വലിയ അളവിൽ എത്തിക്കുന്നതിന്റെയും അത് സംഭരിച്ച് സൂക്ഷിക്കാനുള്ള സ്ഥല ലഭ്യതയുടെ പരിമിതി കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. പോള കംപോസ്റ്റ് ചെയ്ത് വളമാക്കി മാറ്റുന്നതിന് ഇതേ പരിമിതിയാണുള്ളത്.<br><br>ജൈവികമായി പോള നിയന്ത്രണം സാധ്യമാണെന്ന കാർഷിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജലസേചന വകുപ്പ്, കൃഷി വകുപ്പ്, കൃഷി ശാസ്ത്രജ്ഞർ എന്നിവരെയെല്ലാം ഏകോപിപ്പിച്ച് ഒരു സമഗ്ര സമീപനത്തിന് രൂപം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ നേതൃത്വപരമായ ചുമതല ഹരിതമിഷൻ ഏകോപിപ്പിക്കുന്നതാണ്. ഈ വർഷം ഒരു പൈലറ്റ് പദ്ധതി ഇക്കാര്യത്തിൽ നടപ്പാക്കണമെന്ന് ഹരിത മിഷന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ